ജോയിന്റ് ലേബർ കമ്മീഷണർ, എറണാകുളം എന്നീ തലത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർന്ന് തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 11-5-2003-ൽ ചർച്ചകൾ നടത്തുകയുണ്ടായി. അനുരഞ്ജന ചർച്ചകൾ തുടർന്നും നടത്തുന്നതാണ്. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സാമ്പത്തിക പ്രതിസന്ധി മൂലമാണ് സ്ഥാപനം പ്രവർത്തനരഹിതമായത്.

(ഡി) 475 സ്ഥിരം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

(ഇ) ഇലക്ട്രിസിറ്റി പ്രശ്നം മാനേജ്മെന്റ് ഉന്നയിച്ചിട്ടില്ല.

തഴക്കര പഞ്ചായത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വിപുലപ്പെടുത്തുന്നതിന് നടപടി

37 [3442] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ ആലപ്പുഴ ജില്ലയിൽപ്പെട്ട തഴക്കര പഞ്ചായത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കൂടുതൽ വ്യവസായ സംരംഭകരെ ഉൾപ്പെടുത്തി വിപുലപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ പശ്ചാത്തലസൗകര്യങ്ങൾ എല്ലാം ഉപയോഗപ്പെടുത്തിയാൽ കൂടുതൽ തൊഴിലവസരങ്ങൾ നൽകാൻ കഴിയുമോ; എങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചു വരുന്നു. ഷെഡ്ഡിനും സ്ഥലത്തിനും അപേക്ഷ ലഭിച്ച മുറയ്ക്ക് വ്യവസായ സംരംഭകർക്ക് അലോട്ട്മെന്റ് നൽകിക്കൊണ്ടിരിക്കുന്നു.

(ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ മിച്ചമുള്ള സ്ഥലത്തുകൂടി വ്യവസായം ആരംഭിക്കാൻ സംരംഭകർ മുന്നോട്ടു വന്നാൽ അവർക്ക് ആവശ്യാനുസരണം സ്ഥലം നൽകി കൂടുതൽ തൊഴിലവസരങ്ങൾ നൽകാൻ സാധിക്കും.

കരിങ്കൽ ചല്ലി ഉൽപ്പാദിപ്പിക്കുന്ന ക്രഷർ വ്യവസായ യൂണിറ്റുകൾ

38 [3443] ശ്രീ. യു. സി. രാമൻ:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ ടി. പി. എം. സാഹിർ
„ പി. കെ. കെ. ബാവ:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly